## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1797 31-01-2018 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷവിഭാഗക്കാരുടെ ക്ഷേമപദ്ധതികൾ

| ചോദ്യം<br>ശ്രീ.എം. ഉമ്മർ | ഉത്തരം<br>ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|
| (എ) ന്യൂനപക്ഷവിഭാഗക്കാരുടെ ക്ഷേമത്തിനായി മുൻ സർക്കാർ ആരംഭിച്ച പദ്ധതികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതികളിൽ സർക്കാർ തുടർന്നുവരുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) ന്യൂനപക്ഷവിഭാഗങ്ങളുടെ ക്ഷേമത്തിനായി മുൻ സർക്കാരുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1) സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.<br>2) വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി.<br>3) ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം<br>4) സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ- റീ ഇംബേഴ്സ്മെൻറ് സ്കീം.<br>5) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി<br>6) സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി<br>7) ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.<br>8) സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ്<br>9) മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി. |

10) മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന ഭവനവായ്പാ പദ്ധതി.

11) മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.

12) എസ്.എസ്.എൽ.സി. / പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

13) വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി)

പ്രസ്തുത പദ്ധതികളിൽ ഹ്രസ്വകാല റിസർച്ച് ഫെലോഷിപ്പ് ഒഴികെ എല്ലാ പദ്ധതികളും നിലവിൽ തുടർന്നു വരുന്നുണ്ട്.

(ബി) ഈ സർക്കാർ ആരംഭിച്ച പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ ന്യൂനപക്ഷവിഭാഗക്കാരുടെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വേഗത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;വിശദമാക്കാമോ?

(ബി) & (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചിട്ടുള്ള പ്രൊഫ:ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി എന്നിവ നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. 2017-18 സാമ്പത്തിക വർഷം വരെയുള്ള സ്കോളർഷിപ്പ് അവാർഡ് ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഭവന പുനരുദ്ധാരണ പദ്ധതി ഈ വർഷം തുടങ്ങിയിട്ടേയുള്ളൂ. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ